**ഭരണഭാഷ – മാതൃഭാഷ**

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറേറ്റ്
വികാസ്ഭവൻ,തിരുവനന്തപുരം.

നം.ഇ.ബി(3)10557/2020/ഡി.ഇ.എസ് തീയതി: 24/09/2020

**പരിപത്രം**

വിഷയം:- ഡി.ഇ.എസ് - ജീവനക്കാര്യം - സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-I / ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-I / ജൂനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർ എന്നീ കേഡറിലേയ്ക്ക് തസ്തികമാറ്റം വഴിയുള്ള നിയമനം ഓപ്ഷൻ സമർപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന:- ആ.സാ.കാര്യ(ബി) വകുപ്പിന്റെ 20/02/2009 ലെ ജി.ഒ(പി)9/2009/plg നമ്പർ വിജ്ഞാപനം.

ഈ വകുപ്പിലെ സബോർഡിനേറ്റ് സർവ്വീസ് റൂൾ-3 കാറ്റഗറി-3 ന് ചുവടെയുള്ള കുറിപ്പ്-1 ൽ ഇക്കണോമിക്സ് / സ്റ്റാറ്റിസ്റ്റിക്സ് / മാത്തമാറ്റിക്സ് / Commerce with Business Statistics / Commerce with Statistics / Applied Statistics എന്നീ വിഷയങ്ങളിൽ ബിരുദധാരികളായ എൽ.ഡി.ടൈപ്പിസ്റ്റ് / കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്-II എന്നീ തസ്തികയിലുള്ള ജീവനക്കാർക്ക് സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-I / ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-I / ജൂനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർ എന്നീ കേഡറിലേയ്ക്ക് തസ്തികമാറ്റം വഴിയുള്ള നിയമനത്തിന് ഓപ്ഷൻ നൽകുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. മേൽ സൂചിപ്പിച്ച തസ്തികകളിലേയ്ക്ക് തസ്തികമാറ്റം നിയമനത്തിന് താൽപര്യമുള്ള നിശ്ചിത യോഗ്യതയുള്ള ജീവനക്കാരിൽ നിന്ന് ഓപ്ഷൻ സ്വീകരിക്കുമ്പോൾ ഓപ്ഷനോടൊപ്പം നിശ്ചിത വിദ്യാഭ്യാസയോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഓപ്ഷൻ അംഗീകരിക്കുന്നതിന് യഥാസമയം ഈ ആഫീസിൽ അയച്ചുതരേണ്ടതാണ്. ഈ വിഷയത്തിൽ ബന്ധപ്പെട്ട അധികാരി പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതുമാണ്. ഈ നിർദ്ദേശം ബന്ധപ്പെട്ട എല്ലാ ജീവനക്കാരുടെയും ശ്രദ്ധയിൽ കൊണ്ട് വരുവാൻ ആഫീസ് മേധാവികൾ നടപടി സ്വീകരിക്കേണ്ടതാണ്.

ഡയറക്ടർ

എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
ഡയറക്ടർ, പൊതുവിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം
ഡെപ്യൂട്ടി ഡയറക്ടർ, കമ്പ്യൂട്ടർ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

എസ്എം